[Mr. K. Kochukuttan]

ച്ചിട്ടുണ്ടോ?

മിസ്റ്റർ സി. എ. ജോസേപ്പ്: ഇപ്പോൾ നിശ്ചയിച്ചിട്ടില്ല; അടുത്തു നിശ്ചയിക്കുന്നതാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അവിടങ്ങളിൽ അധികമാളുകളും തെങ്ങുകയറാക്കാരും കടലിൽ മത്സ്യം പിടിക്കുന്ന വഞ്ചിപ്പണിക്കാരായ തൊഴിലാളികളും ആയതിനാൽ തെങ്ങിന്മേൽനിന്നു വീണും വഞ്ചിയിൽനിന്നു വീണും കൈകാലുകൾക്കു് കേടുപറ്റുന്ന സുഖക്കേടുകാർ ആണു് അധികം. അതുകൊണ്ടു് അവരുടെ രക്ഷക്കായി ആ വക സുഖക്കേടുകൾ എളുപ്പത്തിൽ ഭേദമാക്കാൻ സാധിക്കുന്നതിനു് ഉഴിച്ചിൽ അറിയാവുന്ന ഒരാളെ അസിസ്റ്റൻറ് വൈദ്യനായി നിയമിക്കാമൊ?

മിസ്റ്റർ സി. എ. ജോസേപ്പ്: അസിസ്റ്റൻറ് വൈദ്യനെ നിയമിക്കുമ്പോൾ ആ കാര്യം നോക്കാം. പക്ഷെ ഉഴിച്ചിലും വൈദ്യവും അറിയാവുന്ന ഒരാളെ എവിടെ നിന്നു കിട്ടാനാണു്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അങ്ങിനെ ഒരു വൈദ്യൻ അവിടെ ഉണ്ടായിരുന്നു. ആ ആളെ ചെറുതുരുത്തിക്കൊ മറ്റോ മാറ്റുകയാണു് ചെയ്തിട്ടുള്ളതു്. അയാളെ ഇങ്ങോട്ടു് മാറ്റിയാൽ മതിയല്ലൊ?

മിസ്റ്റർ സി. എ. ജോസേപ്പ്: ആ കാര്യവും നോക്കാം.

NELLIAMPATHI HILL CULTIVATION—PARTICULARS OF

168. (50) മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ നെല്ലിയാംപതി ഹിൽസിൽ ഗവൺമെണ്ടുവക എന്തെല്ലാം കൃഷികൾ ചെയ്യുവരുന്നുണ്ടു്;

(ബി) മേല്പറഞ്ഞ കൃഷി ഏതു കൊല്ലത്തിലാണു് തുടങ്ങിയതു്;

(സി) എത്ര ഏക്കർ സ്ഥലം കൃഷിചെയ്യുവരുന്നുണ്ടു്;

(ഡി) ആയതിനു് ഇന്നേവരെ ആകെ ചിലവുചെയ്ത സംഖ്യ ഇത്രയെന്നു പറയുവാൻ കഴിയുമുണ്ടാകുമോ;

(ഇ) മേല്പറഞ്ഞ കൃഷിയിൽനിന്നു് ഇതേവരെ വല്ല സംഖ്യയും ഗവൺമെണ്ടിലേക്കു വരുമ്പടി ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ ഇ: ഇക്കണ്ടവാരിയർ:

(എ) മധുരനാരകം, ചെറുനാരകം മുതലായ ഫലവൃക്ഷങ്ങളും, കാപ്പി, ഏലക്കായ.

(ബി) ൧൯൫൫-ാമാണ്ടു് അവസാനത്തിൽ (ഇടവമാസത്തിൽ)

(സി) ൪൭൦ ഏക്കർ.

(ഡി) ൨,൫൫,൩൨൦ രൂ.

(ഇ) ഉവ്വു്. ൭൪,൭൫൩ രൂ.

Mr. P. K. Dewer (*Labour*): One question is left out, Sir.

Mr. President: Yes, we shall take it later on.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: എന്തെല്ലാം സാധനങ്ങളാണു് പ്രത്യേകമായി വിറ്റിട്ടുള്ളതെന്നു പറയാൻ സാധിക്കുമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മധുരനാരങ്ങ, ചെറുനാരങ്ങ, മുതലായവ ഉണ്ടായിവില്ക്കുണ്ടകാലമായിട്ടുണ്ടു്. പച്ചക്കറി, പൊട്ടറ്റോസ്സു് മുതലായവ ഉണ്ടായിരുന്നു. അതു വിറ്റതായിരിക്കും.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ വരവുകഴിച്ചിട്ടാണൊ ചിലവു കാണിച്ചിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആകെയുള്ളതാണു്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: എന്തുദ്ദേശത്തോടുകൂടിയാണു് ഈ കൃഷി തുടങ്ങിയതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവൺമെണ്ടിനു് ആദായകരമായിരിക്കും എന്നുദ്ദേശിച്ചാണു്?

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അതു ഫലമായി വരും എന്നുദ്ദേശിച്ചാണു തുടങ്ങിയതു് എങ്കിലും ഇപ്പോൾ ഗവൺമെണ്ടിനെറ ബോദ്ധ്യം എന്താണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോഴും ഋണമായി വരുമെന്നാണ് വിചാരിക്കുന്നത്.

മിസ്റ്റർ ടി. പി. സീതാരാമൻ: As it is- ഇപ്പോഴത്തെ സ്ഥിതിക്കു് ഋണമാണൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ൨൯ മുതൽക്കേ നാരകത്തിന്മേൽ ഫലമുണ്ടായിതുടങ്ങുകയുള്ളു. ൩ ൦-ാം മാണ്ടിലേക്കേ പൂത്തിയായിട്ടുള്ള ഫലത്തിൽ വരികയുള്ളു. അങ്ങിനെ പൂത്തിയാകുന്ന കാലത്തു് ഒരു ലക്ഷം ഉറുപ്പിക അറാദായം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ൩ ൭ ഏക്കറിൽ മധുരനാരകം കൃഷിചെയ്തിട്ടുണ്ടു്. ൩ ൬, ൦ ൦ ൦ മധുരനാരകങ്ങൾ ഉണ്ടു്. അതിന്റെ ആയുസ്സു് ൧൦൦ കൊല്ലമാണു്. ൭ ൫ കൊല്ലത്തോളം നാരങ്ങ ധാരാളം ഉണ്ടാകും. ഈ സംഗതികളിൽ നിന്നു് മധുരനാരകകൃഷി വളരെ നല്ല ആദായകരമാകുമെന്നു് ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: മധുരനാരകങ്ങൾ കായ്ച്ചു തുടങ്ങിയിട്ടില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചിലതു പൂവിട്ടു് കായ്ച്ചു തുടങ്ങി എന്നല്ലാതെ മുഴുവൻ കായ്ച്ചു തുടങ്ങിയിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: കായ്ക്കുവാൻ എത്രകൊല്ലം വേണം?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആറേഴുകൊല്ലം വേണം.

മിസ്റ്റർ പി. കെ. ഡീവർ: നാരകം നട്ടുതുടങ്ങീട്ടു് എത്രകാലമായി?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ൧൯൨൨ മുതൽക്കു നട്ടു തുടങ്ങീട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് നഷ്ടമാണോ ലാഭമാണോ എന്നു് തിച്ചയാക്കാറായിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ബാക്കിയുള്ള രാജ്യങ്ങളിലെ അനുഭവങ്ങളെക്കൊണ്ടു് എതാണ്ടു് ഉദ്ദേശിച്ചു പറയാൻ മാത്രമെ ഇപ്പോൾ സാധിക്കുകയുള്ളു.

മിസ്റ്റർ കെ. കരുണാകരൻ: ഇതിന്റെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനു് എന്താണു് ശമ്പളം കൊടുക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ൫ ൦ ൦ ഉറുപ്പിക ആണെന്നു തോന്നുന്നുണ്ടു്.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇതിനു മുമ്പുണ്ടായിരുന്ന ഉദ്യോഗസ്ഥനു് ഇതിൽ കൂടുതൽ ശമ്പളം കൊടുത്തിരുന്നുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മിസ്റ്റർ Warne ആയിരുന്നപ്പോൾ ഏഴുന്നൂറു് ചിലപ്പോൾ മറ്റൊ ഉണ്ടായിരുന്നു എന്നു തോന്നുന്നു.

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ മധുരനാരങ്ങ ഉണ്ടാക്കുന്നില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ അധികമുണ്ടാകുന്നില്ല.

DISBURSEMENT OF PAY OF VILLAGE LAND REVENUE STAFF—TALAPPALLI TALUK—PARTICULARS OF

169. (203) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state—

(*a*) whether the pay of all the Village Land Revenue Staff including menials of Talappalli Taluk have been paid up to the 1st Thulam 1123;

(*b*) If so, the dates of payment of the salaries of each Parvathiam, Menon, Masapady and Peon of each village or group each month in the last quarter of 1123 and the 1st quarter of 1124?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) Yes.

(*b*) The answer is appended *(Vide Appendix)*.

Mr. C. V. Iyyu *(Kunnamkulam)*: I would like to draw the attention of the Hon'ble Minister to the appendix.—the reason for not paying the salary of the village officers always during the first week of the month in the first quarter of 1124. The pay of the Choondal village officer seems to have been paid on the 10th of the month, Karikad village officers on the 12th and again Porkulam on the 12th and for the whole of the month of Kanni, it seems except in the case of Elanad the pay was disbursed on the 28th of the month.

മിസ്റ്റർ കെ. അയ്യപ്പൻ: അതു നേരത്തെ കൊടുത്തിട്ടുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly